പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1805 — 11.02.2013 -ലെ മറുപടിക്ക്

## വീട്ട് നമ്പർ

ചോദ്യം

ശ്രീ. കെ.എൻ.എ.ഖാദർ

ഉത്തരം

ഡോ.എം.കെ.മുനീർ

(പഞ്ചായത്തും, സാമൂഹ്യനീതിയും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) വീട് നിർമ്മിക്കുകയും ഉടമ താമസിച്ചുകൊണ്ടിരിക്കുകയും എന്നാൽ ഇതുവരെ പഞ്ചായത്ത് നമ്പർ നൽകിയിട്ടില്ലാത്തതുമായ എല്ലാ വീടുകൾക്കും ഒരു നിശ്ചിത തീയതിയ്ക്കകം വീട്ട് നമ്പർ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 14.02.2011 മുതൽ പ്രാബല്യത്തിലുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ നിയമാനുസൃതം കെട്ടിട നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് നിശ്ചിത സമയപരിധിയ്ക്കുള്ളിൽ നമ്പർ നൽകുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. |
| (ബി) സാധാരണക്കാരായ അനേകം കുടുംബങ്ങൾ, വീട്ട് നമ്പർ കിട്ടാതെ വിഷമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) സാധാരണക്കാരായ അനേകം കുടുംബങ്ങൾക്ക് വീട്ടുനമ്പർ കിട്ടാതെ വിഷമിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കെട്ടിടനിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിച്ച് നിർമ്മാണം നടത്തിയിട്ടുള്ള 100 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് റേഷൻകാർഡ്, കുടിവെള്ളം, വൈദ്യുതി, വോട്ടർ പട്ടികയിൽ പേരു ചേർക്കൽ എന്നീ സേവനങ്ങൾ ലഭിക്കുന്നതിനായി താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് 04.06.2012 ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ